LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് മാനേജ്മെന്റ് ഉപദേശ സമിതികൾ

145(149) ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2010-ലെ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ വകുപ്പനുസരിച്ചുള്ള സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികളും നിലവിൽ വന്നിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സമിതികൾ എപ്പോൾ നിലവിൽ വരുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-ബി) നിലവിൽ വന്നിട്ടില്ല. 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ 41-ാം വകുപ്പ് പ്രകാരവും 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളിലെ 38-ാം ചട്ട പ്രകാരവും സംസ്ഥാന തലത്തിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതിയും ജില്ലാ തലത്തിൽ ജില്ലാതല ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികളും രൂപീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം പ്രസ്തുത കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ ലഭ്യമാക്കിയ കരട് വിജ്ഞാപനം പരിശോധിച്ചുവരികയാണ്.

നിരോധിത മാർഗ്ഗങ്ങളിലൂടെ മത്സ്യബന്ധനം

146 (150) ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്ന സമുദ്രഭാഗത്ത് വൻബോട്ടുകളിൽ റിങ് വല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരോധിത മാർഗ്ഗങ്ങളിലൂടെയുള്ള മത്സ്യബന്ധനം പരമ്പരാഗത മത്സ്യ തൊഴിലാളികളെ ബുദ്ധിമുട്ടിക്കുന്നതും സംഘർഷത്തിനിടയാക്കുന്നതുമാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത മാർഗ്ഗങ്ങളിലൂടെ മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ; വിശദീകരിക്കുമോ ;

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പ്രസ്തുത മേഖലയിൽ നേരിടുന്ന വെല്ലുവിളികൾ നേരിടാൻ അവരെ പ്രാപ്തരാക്കാൻ എന്തെല്ലാം അനുകൂല സാഹചര്യങ്ങൾ ഒരുക്കി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താങ്ങുവള്ളം, റിങ്സീൻ വള്ളങ്ങൾ എന്നിവ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തന്നെ ഉപയോഗിക്കുന്ന റിങ്സീനുകൾ നിരോധിത വല അല്ലെങ്കിൽക്കൂടി മത്സ്യ സമ്പത്ത് വലിയ തോതിൽ കുറയാൻ ഇടയാക്കുന്നതായും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തമ്മിൽ ചില പ്രദേശങ്ങളിൽ ചെറിയ കശപിശകൾ നടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റിങ്സീൻ ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് KMFR Act പ്രകാരം നിലവിൽ നിരോധനം ഏർപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത മത്സ്യബന്ധന രീതി അവലംബിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ കഴിയില്ല. എന്നാൽ റിങ്സീൻ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതുവഴി ദോഷഫലങ്ങൾ ഉണ്ടാകുന്നു എന്ന കാരണത്താൽ പ്രാദേശികമായി ചില പ്രദേശങ്ങളിൽ റിങ്സീൻ ഉപയോഗിച്ച് മത്സ്യബന്ധനം നടത്താൻ അനുവദിക്കുന്നില്ല. മറ്റ് നിരോധിത മാർഗ്ഗങ്ങളിലൂടെ മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ KMFR Act-ലെ വ്യവസ്ഥകൾക്കനുസരിച്ച് ഇംപൗണ്ട് ചെയ്ത് അഡ്ജൂഡിക്കേഷൻ നടത്തി 5000 രൂപ മുതൽ 50,000 രൂപ വരെ പിഴ ഈടാക്കുകയും മത്സ്യം ഉൾപ്പെടെ ഇംപൗണ്ട് ചെയ്യുന്ന യാനങ്ങളെ സംബന്ധിച്ച് മത്സ്യത്തിന്റെ അഞ്ചിരട്ടിവരെ പിഴ ഈടാക്കാറുണ്ട്. കൂടാതെ അത്തരം യാനങ്ങളുടെ രജിസ്ട്രേഷനും ലൈസൻസും താൽക്കാലികമായി റദ്ദു ചെയ്യുകയും കുറ്റം ആവർത്തിക്കുകയാണെങ്കിൽ യാനവും വലയും സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതിനും KMFR Act ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി നിലവിലുള്ള KMFR Act 4-ാം വകുപ്പ് അനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് ജൂൺ 15-ാം തീയതി മുതൽ ജൂലൈ 31 വരെ 47 ദിവസം ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പിനും ജീവന ഉപാധികൾ സംരക്ഷിക്കുന്നതിനുമായി 2007-ൽ കേരള വർഷകാല സമുദ്രോപരിതല മത്സ്യബന്ധനം സംരക്ഷണ ആക്ട് (കേരള മൺസൂൺ ഫിഷറീസ് പെലാജിക് പ്രോട്ടക്ഷൻ ആക്ട്) നിലവിൽ വന്നിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കൊല്ലംകോട് മുതൽ പറവൂർ വരെയുള്ള 78 കി.മീ ദൂരത്തിൽ കടലിലെ 30 മീറ്റർ താഴ്ചവരെയുള്ള പ്രദേശവും പറവൂർ മുതൽ മഞ്ചേശ്വരം വരെയുള്ള 512 കി.മി. ദൂരത്തിൽ കടലിലെ 20 മീറ്റർ താഴ്ചവരെയുള്ള പ്രദേശവും പരമ്പരാഗതക്കാർക്കു മാത്രമായി മത്സ്യ ബന്ധനാവകാശം നൽകിയിട്ടുണ്ട്.